**No. CEE/555/2019/5 LL.B/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

**ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം – 2019 സാമുദായിക/പ്രത്യേക/ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണത്തിന് അർഹരായവരുടെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2019–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമതത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ കാറ്റഗറി ലിസ്റ്റ് www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ കാന്റിഡേറ്റ് പോർട്ടലിൽ പ്രവേശിച്ചും കാറ്റഗറി സംബന്ധമായ വിവരങ്ങൾ കാണാവുന്നതാണ്.

വിദ്യാർത്ഥികൾ കാറ്റഗറി ലിസ്റ്റ് പരിശോധിച്ച് കാറ്റഗറി ലിസ്റ്റിലെ അവരുടെ സ്ഥാനം ബോധ്യപ്പെടേണ്ടതാണ്. റാങ്ക് ലിസ്റ്റിലോ കാറ്റഗറി ലിസ്റ്റിലോ ഉൾപ്പെട്ടു എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യത നേടണമെന്നില്ല. 2019–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി പ്രവേശനത്തിനുള്ള സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രവേശന സമയത്ത് വിദ്യാർത്ഥി നേടിയിരിക്കണം.

സർക്കാർ/സ്വാശ്രയ ലോ കോളേജുകളിലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

Seetha

തിരുവനന്തപുരം
11.07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**